# പ്രമാണങ്ങളിലേക്ക് മടങ്ങുക...

ഇസ്‌ലാമിന്റ അടിസ്ഥാന പ്രമാണങ്ങൾ യഥാക്രമം വിശുദ്ധ ഖുർആനും നബി(ﷺ) യുടെ സുന്നത്തുമാണ്. ഈ കാര്യത്തിൽ മുസ്‌ലിംകൾക്കിടയിൽ കക്ഷി ഭേതമന്യെ യാതൊരഭിപ്രായവ്യത്യാസവുമില്ല. മാത്രമല്ല, മതപരമായ ഏത് വിഷയങ്ങൾക്കും തെളിവ് നോക്കേണ്ടതും നമുക്കിടയിലുള്ള തർക്ക പ്രശ്നങ്ങൾക്ക് തീർപ്പ് കൽപ്പിക്കേണ്ടതും മേൽ രണ്ടു പ്രമാണങ്ങളിലേക്ക് മടക്കിക്കൊണ്ടായിരിക്കണം എന്നതും എല്ലാവരും താത്വികമായി അംഗീകരിക്കുന്നു. പക്ഷേ, അത് പ്രയോഗവൽകരിക്കുന്നതിൽ പലർക്കും വീഴ്ചപറ്റിയിട്ടുണ്ട് എന്നത് ഒരു അനുഭവയാഥാർത്ഥ്യമാണ്. എന്നാൽ വിശുദ്ധ ഖുർആനിന്റെ ഇതുസംബന്ധമായ ഖണ്ഡിതമായ തീരുമാനം നോക്കൂ:

**(തഫ്സീറുൽ ഖുർആൻ പേജ്: 139, ടി. കെ. അബ്ദുല്ല മുസ്‌ല്യാർ മാട്ടൂൽ)**






വൽമുഹ്സനാത്തു-5 139 അദ്ധ്യായം 4 - അന്നിസാഅ്

59. വിശ്വാസികളേ! അല്ലാഹുവിനെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. (അവർ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവാൻ നിങ്ങളോടു കൽപ്പിക്കുമ്പോൾ) വല്ല സംഗതിയിലും നിങ്ങൾ പരസ്പരം ഭിന്നിച്ചാൽ അതിനെ അല്ലാഹുവിലേക്കും (അവന്റെ ഗ്രന്ഥത്തിലേക്ക്) റസൂലിലേക്കും (അവിടുത്തെ ജീവിതകാലത്ത് - അനന്തരം തിരുസുന്നത്തിലേക്ക്) മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് (നിങ്ങൾക്ക്) ഏറ്റവും നല്ലതും അന്ത്യഫലത്തിൽ അത്യുത്തമവും.

٥٩- يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا

ഇവിടെ സംശയലേശമന്യെ അല്ലാഹു പഠിപ്പിക്കുന്നത് വിശുദ്ധ ഖുർആനും നബിചര്യയുമാണ് ഇസ്‌ലാമിക പ്രമാണങ്ങളെന്നും, തർക്ക പ്രശ്നങ്ങൾക്ക് തീർപ്പ് കൽപിക്കേണ്ടത് ആ രണ്ടു പ്രമാണങ്ങളിലേക്ക് മടക്കികൊണ്ടായിരിക്കണമെന്നുമാണ്. മേൽ ആയത്തിൽ പറഞ്ഞ, 'അല്ലാഹുവിലേക്ക് മടക്കുക' എന്നതുകൊണ്ടുദ്ദേശ്യം വിശുദ്ധ ഖുർആനിലേക്ക് മടക്കുക എന്നാണ്. 'റസൂലിലേക്ക്' എന്നു പറഞ്ഞാൽ, നബി(ﷺ)യുടെ ജീവിത കാലത്ത് അവിടുത്തോട് നേരിട്ട് ചോദിക്കലും വഫാത്തിനു ശേഷം, അവി

ടുത്തെ ചര്യകൾ ക്രോഡീകരിച്ച സുന്നത്തിലേക്ക്(ഹദീസിലേക്ക്) മടക്കുക എന്നുമാണ്. തുടർന്നുകൊണ്ട് ഖുർആൻ പറയുന്നത് 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ അപ്രകാരമാണ് തർക്കപ്രശ്നങ്ങൾക്ക് തീർപ്പ്കൽപിക്കേണ്ടത്' എന്നാണല്ലോ. അപ്പോൾ നമുക്കിടയിലുള്ള മതപരമായ എല്ലാ തർക്കപ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടത് ഈ രണ്ട് പ്രമാണങ്ങൾ വഴിയായിരിക്കണമെന്നാണ് ആയത്തിന്റെ ആഹ്വാനം. സുന്നി പണ്ഡിതനായ ടി.കെ. അബ്ദുല്ല മുസ്‌ല്യാരുടെ പരിഭാഷയാണ് മുകളിൽ കൊടുത്തത് എന്നത് പ്രത്യേകം ഓർക്കുക.

ഇനി ഈ ആയത്തിന് സമസ്തയിലെ തന്നെ മറ്റു പണ്ഡിതന്മാർ കൂടി അവരുടെ ഖുർആൻ വ്യാഖ്യാനത്തിൽ നൽകിയ വിശദീകരണം ശ്രദ്ധിക്കുക:

**(ഫത്ഹുൽ അലീം 1 – 210, തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമി)**




സൂറത്തു നിസാഅ് 210 ജുസുഅ് 5

59. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുക. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ ഭിന്നിച്ചാൽ അത് അല്ലാഹുവിങ്കലേക്കും റസൂലിലേക്കും നിങ്ങൾ മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ചവരായിട്ടുണ്ടെങ്കിൽ അതാണ് ഉത്തമവും ഏററവും നല്ല അന്ത്യഫലം നൽകുന്നതും.

അല്ലാഹുവിനെയും റസൂലിനെയും മുസ്ലിംകളിലുള്ള അധികാരസ്ഥരെയും അനുസരിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരാകുന്നു. മുസ്ലിംകൾ തമ്മിൽ ഏതെങ്കിലും കാര്യത്തിൽ ഭിന്നാഭിപ്രായം ഉടലെടുത്താൽ അത് പരിഹരിക്കാനുള്ള മാർഗ്ഗം അല്ലാഹുവിന്റെ കിത്താബിലേക്കും റസൂലിന്റെ സുന്നത്തിലേക്കും അതിനെ മടക്കുകയെന്നതാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ നാം ചെയ്യേണ്ടത് അതാണ്.

**(ഫത്ഹുർറഹ്മാൻ 1 – 580, കെ. വി. മുഹമ്മദ് മുസ്‌ല്യാർ കൂറ്റനാട്)**




(50) ഭരണകർത്താക്കൾ നീതിപാലിക്കണമെന്നു മുൻവാക്യത്തിൽ പ്രസ്താവിച്ചതിനെത്തുടർന്നു ഭരണീയർ അവരെ അനുസരിക്കണമെന്നു ഉപദേശിച്ചിരിക്കുകയാണ്. എന്നാൽ ഏതു ഭരണകർത്താവിനെയും കണ്ണുമടച്ച് അനുസരിക്കണമെന്നല്ല ഇതിന്റെ താത്പര്യം. സത്യവിശ്വാസികൾ ഒന്നാമതായി അനുസരിക്കേണ്ടത് അല്ലാഹുവിനെയാണ്. അതായത് അവന്റെ കിത്താബായ ഖുർആനിൽ പറഞ്ഞപ്രകാരം നടക്കണം. ഖുർആനിൽ ഒരു വിഷയം സ്പഷ്ടമാക്കപ്പെട്ടിട്ടില്ലെങ്കിലും, നബി(സ)യുടെ സുന്നത്ത്കൊണ്ട് സ്ഥിരപ്പെട്ടതാണെങ്കിൽ അതു സ്വീകരിക്കണം; ഖുർആനിൽ അതു കാണുന്നില്ല എന്ന കാരണംപറഞ്ഞു തള്ളിക്കളയാൻ പാടില്ല. അതാണ് നബിയെ അനുസരിക്കൽ. ഖുർആന്നും സുന്നത്തിന്നും എതിരല്ലാത്ത വല്ലതും നാട്ടിന്റെയോ സമുദായത്തിന്റെയോ ഗുണത്തെ ലാക്കാക്കി ഭരണകർത്താക്കൾ തീരുമാനിച്ചാൽ അതും സമുദായം അനുസരിക്കണം.

നോക്കൂ വിശുദ്ധ ഖുർആനും തിരുസുന്നത്തുമാണ് ഇസ്‌ലാമിന്റെ പ്രമാണങ്ങളെന്നും മുസ്‌ലിംകൾക്കിടയിൽ ഏതെങ്കിലും വിഷയത്തിൽ തർക്കമുണ്ടായാൽ അത് പരിഹരിക്കേണ്ടത് ആ രണ്ടു പ്രമാണങ്ങളിലേക്ക് മടക്കികൊണ്ടായിരിക്കണമെന്നും

സുന്നി പണ്ഡിതന്മാരുടെ തന്നെ മേൽ വിശദീകരണങ്ങൾ വ്യക്തമാക്കുന്നു.

എന്നാൽ ഇന്ന് അധികമാളുകളും വഴിതെറ്റി പോയിട്ടുള്ളത് ഈ രണ്ട് പ്രമാണങ്ങളിൽ നിന്നും അകന്നുപോയതുകൊണ്ടും അവയെ അവഗണിച്ചതുകൊണ്ടുമാണെന്ന് കാണാൻ പ്രയാസമില്ല. നബി(ﷺ) തന്നെ പറയുന്നത് കാണുക:

**(മുവത്വഅ്. ഹദീസ് നമ്പർ: 2829)**



[٢٨٢٩] ٣ - وَحَدَّثَنِي عَنْ مَالِكٍ؛ أَنَّهُ بَلَغَهُ أَنَّ رَسُولَ اللَّهِ ﷺ قَالَ: «تَرَكْتُ فِيكُمْ أَمْرَيْنِ لَنْ تَضِلُّوا مَا تَمَسَّكْتُمْ بِهِمَا: كِتَابَ اللَّهِ وَسُنَّةَ نَبِيِّهِ». [جامع الأصول رقم (٦٤)].

"രണ്ടുകാര്യങ്ങൾ നിങ്ങളിൽ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. അത് രണ്ടും മുറുകെ പിടിച്ചാൽ നിങ്ങൾ വഴിതെറ്റിപ്പോവുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥവും (ഖുർആൻ) അവന്റെ പ്രവാചകന്റെ ചര്യയുമാണത്." *(മുവത്വഅ്. ഹദീസ് നമ്പർ: 2829)*

ഇക്കാര്യം മുസ്ല്യാക്കന്മാരുടെ വരികളിലൂടെതന്നെ പ്രത്യേകം ശ്രദ്ധിക്കുക:

**(സുന്നത്ത് ജമാഅത്ത് ഹദീസിൽ പേജ്: 18, ഹംസക്കോയ ബാഖവി)**




നബി(സ)യുടെയും സ്വഹാബത്തിന്റെയും ജീവിതം സ്വന്തം ജീവിതത്തിലേക്ക് ഒപ്പിയെടുത്തവരാണ് അഹ്ലുസ്സുന്നത്തിവൽജമാഅ: എന്നു നാം ഗ്രഹിച്ചുവല്ലോ. അവരെ സംബന്ധിച്ചിടത്തോളം പ്രഥമവും പ്രധാനവുമായി അംഗീകരിക്കേണ്ട പ്രമാണം ഖുർആനാണ് നബി (സ) പറയുന്നു.

عن جابر بن عبد الله ان رسول الله صلى الله عليه وسلم قال قد تركت فيكم ما لن تضلوا بعده ان اعتصمتم به كتاب الله (مسلم ١ ص ٣٩٧ كتاب الحج)

ഞാൻ നിങ്ങളിൽ ഒരു കാര്യം ഒഴിവാക്കിത്തന്നിരിക്കുന്നു. അതിനെ മുറുകെ പിടിക്കുന്ന പക്ഷം നിങ്ങൾ വഴി പിഴക്കില്ല. അതത്രെ അല്ലാഹുവിന്റെ ഖുർആൻ (മുസ്ലിം 1-397)

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവൻ ഏറ്റവും ഭയപ്പെടുന്ന ഒരു അവസ്ഥയാണല്ലോ വഴിപിഴക്കുക എന്നത് അതിൽ നിന്നും രക്ഷപ്പെടാൻ നബി(സ) പഠിപ്പിച്ച മാർഗ്ഗം പരിശുദ്ധ ഖുർആൻ അംഗീകരിക്കുക എന്നതാണെന്ന് ഈ ഹദീസ് നമുക്കു വ്യക്തമാക്കിത്തരുന്നു. ഖുർആൻ അംഗീകരിക്കുന്നവൻ എപ്പോഴും സത്യത്തിലായിരിക്കും എന്ന ഉഗ്രപ്രഖ്യാപനവും ഈ ഹദീസിലൂടെ തിരുമേനി (സ) നടത്തി. മഹാന്മാരായ സ്വഹാബത്തും ഇതുതന്നെയായിരുന്നു ഈ ലോകത്തെ പഠിപ്പിച്ചത്.

മനുഷ്യർ വഴിതെറ്റിപ്പോകാതിരിക്കാൻ ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കണമെന്നാണ് നബി(ﷺ) ഇവിടെ ഉണർത്തുന്നത്. അവയിൽ നിന്ന് വ്യതിചലിച്ചാലാകട്ടെ വമ്പിച്ച അപകമുണ്ടാകുമെന്നും താക്കീത് ചെയ്യുന്നു. അതോടൊപ്പം നാം മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന കാര്യം, ഈ രണ്ട് അടിസ്ഥാന പ്രമാണങ്ങളും കേട്ടനുഭവിച്ച് ജീവിതത്തിൽ പകർത്തിയ അവയുടെ ആദ്യ അഭിസംബോധിതരായ സ്വഹാബത്തും അവരെ പിന്തുടർന്ന താബിഉകളും അവരെത്തുടർന്ന തബ്ഉത്താബിഉകളുമാണ് പിന്നെയുള്ള നമ്മുടെ മാതൃകാപുരുഷർ. അല്ലാഹുവിന്റെയും റസൂലിന്റെയും

കൽപനകളെ ജീവിതത്തിന്റെ സകലമാന മേഖലകളിലും നടപ്പിൽവരുത്തിയവരാണവർ. വിശുദ്ധ ഖുർആനും നബിചര്യയും ആദ്യം ഗ്രഹിക്കുകയും പഠിക്കുകയും ചെയ്തവരും അവരാണ്. ആ നല്ല മുൻഗാമികളെ കുറിച്ച് നബി(ﷺ) പറഞ്ഞു:

**(സ്വഹീഹുൽ ബുഖാരി, ഹദീസ് നമ്പർ: 2651)**




458 كتاب الشهادات ٤٥٨

٢٦٥١ ـ حَدَّثَنَا آدَمُ: حَدَّثَنَا شُعْبَةُ: حَدَّثَنَا أَبُو جَمْرَةَ قَالَ: سَمِعْتُ زَهْدَمَ بْنَ مُضَرِّبٍ قَالَ: سَمِعْتُ عِمْرَانَ بْنَ حُصَيْنٍ رَضِيَ اللَّهُ عَنْهُمَا قَالَ: قَالَ النَّبِيُّ ﷺ: «خَيْرُكُمْ قَرْنِي، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ». قَالَ عِمْرَانُ: لَا أَدْرِي، أَذَكَرَ النَّبِيُّ ﷺ بَعْدُ قَرْنِهِ قَرْنَيْنِ أَوْ ثَلَاثَةً، قَالَ النَّبِيُّ ﷺ: «إِنَّ بَعْدَكُمْ قَوْماً يَخُونُونَ وَلَا يُؤْتَمَنُونَ، وَيَشْهَدُونَ وَلَا يُسْتَشْهَدُونَ، وَيَنْذِرُونَ وَلَا يَفُونَ، وَيَظْهَرُ فِيهِمُ السِّمَنُ».

"നിങ്ങളിൽ ഉത്തമർ എന്റെ കാലത്തുള്ളവരാണ്, പിന്നെ അവരെ തുടർന്നുവരുന്ന തലമുറ, പിന്നെ അവരെ തുടർന്നുവരുന്ന തലമുറ." *(സ്വഹീഹുൽ ബുഖാരി, ഹദീസ് നമ്പർ: 2651, 6428)*

മാത്രമല്ല, ഖുർആനിനെയും നബിചര്യയെയും കുറിച്ചും അവയുടെ വിശദാംശങ്ങളെ സംബന്ധിച്ചും ഏറ്റവും നന്നായി അറിയുന്നവരും അവരാണ്. അതുകൊണ്ട് ഖുർആനിക വചനങ്ങളും നബിചര്യയും മനസ്സിലാക്കുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും അത് അവർ മനസ്സിലാക്കിയതെങ്ങനെ എന്ന് ആദ്യം പരിശോധിക്കണം. ഇല്ലെങ്കിൽ വലിയ വ്യതിയാനത്തിലായിരിക്കും എത്തിപ്പെടുക.

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ പരിശുദ്ധ ഖുർആനും നബി(ﷺ)യുടെ സുന്നത്തുമാണെന്നും നമുക്കിടയിലുള്ള മതപരമായ തർക്ക പ്രശ്നങ്ങൾക്ക് തീർപ്പ് കാണേണ്ടത് ആ രണ്ട് പ്രമാണങ്ങളിൽനിന്നുമാണെന്നും നാം മനസ്സിലാക്കി. ഈ അടിസ്ഥാനത്തിൽ നബിദിനാഘോഷത്തിന്റെ യാഥാർത്ഥ്യമെന്താണെന്ന് നമുക്ക് പരിശോധിക്കാം. അഥവാ, അത് ഖുർആനിലും സുന്നത്തിലും പഠിപ്പിച്ചതാണോ എന്നും ഉത്തമ തലമുറ എന്ന് നബി(ﷺ) വിശേഷിപ്പിച്ച സലഫുസ്സാലിഹുകളിലുണ്ടായിരുന്നോ എന്നും നമുക്ക് നോക്കാം.

▲